REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-01-2026 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാജ്യത്തെ ആദ്യ വന്ദേഭാരത് സ്ലീപ്പർ ട്രെയിൻ പ്രധാനമന്ത്രി നരേന്ദ്രമോദി പശ്ചിമ ബംഗാളിലെ മാൽഡ ടൗൺ റെയിൽവേ സ്റ്റേഷനിൽ ഫ്ളാഗ്ഓഫ് ചെയ്തു.**
- **കുടുംബശ്രീയുടെ 30 പ്രീമിയം ബ്രാൻഡ് ഭക്ഷ്യോത്പന്നങ്ങൾ മന്ത്രി MB രാജേഷ് എറണാകുളത്ത് വിപണിയിലിറക്കി.**
- **ശബരിമല സ്വർണക്കൊള്ളക്കേസിൽ ജയിലിൽ കഴിയുന്ന പാർട്ടി നേതാക്കൾക്കെതിരെ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് CPIM വ്യക്തമാക്കണമെന്ന് പ്രതിപക്ഷനേതാവ് വിഡി സതീശൻ.**
- **64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ നാലാം ദിനത്തിലും കിരീട സ്വപ്നവുമായി കണ്ണൂർ ജില്ല മുന്നിൽ.**
- **അണ്ടർ-19 ഏകദിന ലോകകപ്പ് ക്രിക്കറ്റ് രണ്ടാം മത്സരത്തിൽ അല്പ സമയത്തിനകം ഇന്ത്യ ബംഗ്ലാദേശിനെ നേരിടും.**

## വാർത്തകൾ വിശദമായി

രാജ്യത്തെ ആദ്യത്തെ വന്ദേഭാരത് സ്ലീപ്പർ ട്രെയിൻ പ്രധാനമന്ത്രി നരേന്ദ്രമോദി പശ്ചിമ ബംഗാളിലെ മാൽഡ ടൗൺ റെയിൽവേ സ്റ്റേഷനിൽ ഫ്ളാഗ്ഓഫ് ചെയ്തു. ഹൌറ യ്ക്കും ഗോഹട്ടിക്കും ഇടയിലാണ് വന്ദേഭാരതിന്റെ സർവീസ്. പൂർണമായും എയർകണ്ടീഷൻ ചെയ്ത വന്ദേഭാരത് സ്ലീപ്പർ ട്രെയിൻ കുറഞ്ഞ നിരക്കിൽ യാത്രാ സൗകര്യം ഉറപ്പാക്കുന്നു. ദീർഘദൂര യാത്രകൾ വേഗത്തിലും സുരക്ഷിതവുമാക്കാൻ കഴിയുന്ന ഈ ട്രെയിനിൽ 823 പേർക്ക് യാത്ര ചെയ്യാം.

ഹൗറ - ഗോഹട്ടി റൂട്ട് രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട റെയിൽ ഇടനാഴികളിൽ ഒന്നാണ്. പശ്ചിമ ബംഗാളിലെയും അസമിലേയും യാത്രക്കാർക്ക് ഏറെ ഗുണം ചെയ്യുന്നതാണ് പുതിയ വന്ദേഭാരത് സ്ലീപ്പർ ട്രെയിൻ.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിലെത്തും. വൈകിട്ട് ഗോഹട്ടിയിൽ നടക്കുന്ന പരമ്പരാഗത ബോഡോ സാംസ്കാരിക പരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. നാളെ നാഗോൺ ജില്ലയിലെ കാലിയാബോറിൽ 6,950 കോടി രൂപയിലധികം ചെലവ് വരുന്ന കാസിരംഗ എലവേറ്റഡ് കോറിഡോർ പദ്ധതിക്ക് അദ്ദേഹം തറക്കല്ലിടും.

✪✪✪

തമിഴ്നാട് മുൻ മുഖ്യമന്ത്രിയും നടനുമായിരുന്ന MG രാമചന്ദ്രന്റെ ജന്മവാർഷിക ദിനത്തിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ശ്രദ്ധാഞ്ജലി അർപ്പിച്ചു. ദീർഘദർശിയായ നേതാവായിരുന്നു MGR എന്നും ദരിദ്രരുടെയും അരികുവൽക്കരിക്കപ്പെട്ടവരുടെയും ക്ഷേമത്തിന് MGR ജീവിതം സമർപ്പിച്ചുവെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

തമിഴ്നാടിന്റെ പുരോഗതിയിൽ MGR നൽകിയ സംഭാവനകൾ മികച്ചതാണെന്ന് നരേന്ദ്രമോദി സമൂഹിക മാധ്യമത്തിൽ കുറിച്ചു. തമിഴ് സംസ്കാരത്തെ ജനപ്രിയമാക്കുന്നതിൽ MGR ശ്രദ്ധേയമായ പങ്ക് വഹിച്ചെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായി സാമ്പത്തിക സർവേ ഈ മാസം29-ന് പാർലമെന്റിൽ സമർപ്പിക്കും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ, IT വിജ്ഞാനാധിഷ്ഠിത മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് നടപ്പാക്കുന്ന കമ്യൂൺ വർക്ക് നിയർ ഹോം പദ്ധതി മറ്റന്നാൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ ആദ്യ കേന്ദ്രമാണിത്. ഇതിന് പുറമെ കളമശ്ശേരി, പെരിന്തൽമണ്ണ, രാമനാട്ടുകര,തളിപ്പറമ്പ, എന്നിവ ഉൾപ്പെടെ ഒമ്പത് സ്ഥലങ്ങളിൽ വർക്ക് നിയർ ഹോം പദ്ധതി നടപ്പാക്കും. നഗരങ്ങളിലേതിന് തുല്യമായ സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കുന്ന വർക്ക് നിയർ ഹോം പദ്ധതി

ആഗോള കമ്പനികളെ ആകർഷിക്കുമെന്ന് മന്ത്രി KN ബാലഗോപാൽ അറിയിച്ചു.

✪✪✪

കുടുംബശ്രീയുടെ 30 പ്രീമിയം ബ്രാൻഡ് ഭക്ഷ്യോത്പന്നങ്ങൾ മന്ത്രി MB രാജേഷ് എറണാകുളത്ത്  വിപണിയിലിറക്കി. K-ഇനം എന്ന  പുതിയ ബ്രാൻഡിലാണ് ആഗോള വിപണി ലക്ഷ്യമാക്കി ഉത്പന്നങ്ങൾ പുറത്തിറക്കിയത്. സമ്പുഷ്ടീകരിച്ച ഭക്ഷണങ്ങൾ, പോഷകാഹാര കേന്ദ്രീകൃത മിശ്രിതങ്ങൾ, സംസ്കരിച്ച പഴങ്ങളും പച്ചക്കറികളും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന ഭക്ഷണം, ആരോഗ്യകരമായ ലഘു ഭക്ഷണം എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചാണ് ഇവ തയ്യാറാക്കിയത്.

✪✪✪

CPIM കേന്ദ്രകമ്മിറ്റി യോഗം രണ്ടാം ദിവസമായ ഇന്നും തിരുവനന്തപുരത്ത് തുടരുന്നു. കേരളം, തമിഴ്നാട്, ബംഗാൾ, അസം , പുതുച്ചേരി സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പാണ് യോഗത്തിന്റെ മുഖ്യ അജണ്ട. പോളിറ്റ് ബ്യൂറോ അംഗം വിവി രാഘവലുവിന്റെ അധ്യക്ഷതയിലാണ് യോഗം. ഇന്നലെ പാർട്ടി ജനറൽ സെക്രട്ടറി എം എ ബേബി റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ടിന്മേൽ അംഗങ്ങളുടെ ചർച്ചക്ക് ശേഷം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ യോഗം നിർണായക തീരുമാനങ്ങൾ കൈക്കൊള്ളും. നാളെയാണ് കേന്ദ്രകമ്മിറ്റി സമാപിക്കുന്നത്.

✪✪✪

ശബരിമല സ്വർണക്കൊള്ളക്കേസിൽ ജയിലിൽ കഴിയുന്ന പാർട്ടി നേതാക്കൾക്കെതിരെ CPIM നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കണമെന്ന് പ്രതിപക്ഷനേതാവ് വിഡി സതീശൻ ആവശ്യപ്പെട്ടു. കോടതി ജാമ്യം പോലും നിഷേധിച്ചിട്ടും നടപടിയില്ലാത്തത് എന്തുകൊണ്ടാണെന്ന് സതീശൻ മാധ്യമങ്ങളോട് ചോദിച്ചു.

കേസിൽ കോടതിയുടെ മേൽനോട്ടത്തിൽ നടത്തുന്ന ഏത് അന്വേഷവും UDF സ്വാഗതം ചെയ്യുന്നതായും അദ്ദേഹം അറിയിച്ചു. സംസ്ഥാനത്ത് UDF ന്റെ അടിത്തറ വിപുലീകരിക്കുമെന്ന് പറഞ്ഞ സതീശൻ കേരള കോൺഗ്രസ് എം UDF ലേക്ക് വരുമെന്ന് ആരും പറഞ്ഞിട്ടില്ലെന്നും വ്യക്തമാക്കി.

✪✪✪

ആശയപരമായി യോജിക്കുന്ന കക്ഷികൾക്കും വ്യക്തികൾക്കും സംഘടനകൾക്കും UDF നോടൊപ്പം ചേരാമെന്ന നിലപാടാണ് മുന്നോട്ട് വെക്കുന്നതെന്ന് മുസ്ലിം ലീഗ് അഖിലന്ത്യ ജനറൽ സെക്രട്ടറി പി കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. കേരള കോൺഗ്രസ് എം മുന്നണിയിലേക്ക് വരുന്ന കാര്യത്തിൽ അവരാണ് തീരുമാനമെടുക്കേണ്ടതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

NH 66 രാമനാട്ടുകര - വെങ്ങളം റീച്ചിൽ പന്തീരാങ്കാവ് കൂടത്തുംപാറ സർവീസ് റോഡിൽ ടോൾ പിരിവ് ആരംഭിച്ച ദേശീയ പാത അധികൃതരുടെ നടപടി ഒഴിവാക്കണമെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ മുഖേന കേന്ദ്രമന്ത്രി നിതിൻ ഗഡ്ഗരിയെ അറിയിച്ചതായി പാർട്ടി കോഴിക്കോട് സിറ്റി ജില്ലാ പ്രസിഡന്റ് അഡ്വ പ്രകാശ് ബാബു അറിയിച്ചു.

ഇക്കാര്യത്തിൽ റിപ്പോർട്ട് ലഭിച്ച ഉടൻ ഉചിതനടപടി സ്വീകരിക്കുമെന്ന് കേന്ദ്രമന്ത്രി അറിയിച്ചതായും അദ്ദേഹം പറഞ്ഞു.

✪✪✪

തൃശൂരിൽ 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ നാലാം ദിനത്തിലും കിരീട സ്വപ്നവുമായി കണ്ണൂർ ജില്ല തന്നെ മുന്നിൽ. കണ്ണൂർ 741 പോയിന്റുമായി മുന്നേറുമ്പോൾ 728 പോയിന്റ്റുമായി കലാമാമാങ്കത്തിൽ ഇഞ്ചോടിഞ്ച് പൊരുതുന്നത് കോഴിക്കോടാണ്.

ആതിഥേയ ജില്ല തൃശൂരും, പാലക്കടും -726 പോയിന്റ്കളുമായി മൂന്നാംസ്ഥാനം പങ്കിടുന്നു.

വിശദാംശങ്ങളുമായി തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്

.........വോയ്സ്........

കലോത്സവം നാലാം ദിനത്തിലേക്കു കടക്കുമ്പോൾ വേദി ഒന്ന് സൂര്യകാന്തിയിൽ ഹയർ സെക്കന്ററി വിഭാഗത്തിന്റെ ഭരത നാട്യമാണ്സം ഇപ്പോൾ നടക്കുന്നത്ഘ

തുടർന്ന് ഇതേ വേദിയിൽ ഇന്ന് ഗ്ലാമർ ഇനമായ കലാസ്വാദകർ കാത്തിരിക്കുന്ന സംഘ നൃത്തവും അരങ്ങേരും.

ഹൈ സ്കൂൾ വിഭാഗത്തിന്റെ മോണോആക്റ വേദിയാറ് കർണ്ണികാരത്തിൽ ആരംഭിച്ചു. നാടോടിനൃത്തവും, ഹയർ സെക്കന്ററി യുടെ നാടകവും വേദി 6 കർണികാരത്തിൽ നടക്കും. ശാസ്ത്രീയ സംഗീതം, ഓടക്കുഴൽ, വയലിൻ, പദ്യം ചൊല്ലൽ, അക്ഷരശ്ലോകം എന്നിവയും മറ്റ് രചന മത്സരങ്ങളും ഇന്നാണ്

നടക്കാനിരിക്കുന്നത്. കൂടാതെ അറബിക് കലോത്സവത്തിന്റെ പ്രധാന മത്സരദിവസം കൂടിയാണി ന്ന്.

മത്സരങ്ങളുടെ 72 ശതമാനം പൂർത്തിയായി കഴിഞ്ഞു. ഇനി അറുപത്തിയഞ്ഞോളാം ഇനങ്ങൾ കൂടിയാണ് മത്സരങ്ങൾ നടക്കാനിരിക്കുന്നത്. സ്കൂളുകളിൽ പാലക്കാട് ബിഎസ്എസ് ഗുരുകുലം ഹയർ സെക്കൻഡറി സ്കൂൾ ഒന്നാം സ്ഥാനത്താണ്.185 പോയിന്റുകളാണ് ഇതുവരെ നേടിയത്. കത്തുന്ന ചൂടിലും കലാകാഴ്ചകൾ കാണുന്നതിനായി ജനങ്ങൾ കലോത്സവ വേദികളിലേക്ക് ഇപ്പോഴും ഒഴുകിയെത്തി കൊണ്ടിരിക്കുകയാണ്.

തൃശ്ശൂരിലെ ജനങ്ങൾ പൂരത്തിന് നൽകുന്ന അതേ ആവേശം തന്നെയാണ് kalolsavaകലോത പൂരത്തിനും നൽകികൊണ്ടിരിക്കുന്നത്.

✪✪✪

പ്രസിദ്ധമായ അളങ്കനല്ലൂർ ജെല്ലിക്കെട്ടിനു തമിഴ്നാട്ടിലെ മധുരൈയിൽ തുടക്കമായി. മന്ത്രി P മൂർത്തി ഉദ്ഘാടനം ചെയ്തു. ആയിരത്തിലധികം കാളകളെയാണ് ജെല്ലിക്കെട്ടിന് അണി നിരത്തുന്നത്. തമിഴ് നാടിന്റെ ഔദ്യോഗിക കായിക മത്സരമായ ജെല്ലിക്കെട്ടിന്റെ സമ്മാനദാന ചടങ്ങിൽ മുഖ്യ മന്ത്രി M K സ്റ്റാലിനും ഉപമുഖ്യ മന്ത്രി ഉദയ നിധി സ്റ്റാലിനും പങ്കെടുക്കും.

✪✪✪

മൂന്ന് ദിവസം നീണ്ടു നിന്ന പൊങ്കൽ ഉത്സവം കെങ്കേമമാക്കി പാലക്കാട് ജില്ലയിലെ അതിർത്തി ഗ്രാമങ്ങൾ. ഇന്ന് പൂ പൊങ്കലോടെ ആഘോഷങ്ങൾ സമാപിക്കും.

പാലക്കാട്ട് നിന്ന് ഫൈസൽ അലി മുത്ത്...

......വോയ്സ്.....

ഇന്നലെ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട കന്നുകാലികളുടെ അഭിവൃദ്ധിക്കായി മാട്ടുപൊങ്കൽ ആഘോഷിച്ചു.

ഒത്തുകൂടലിന്റെ സന്തോഷം പങ്കുവച്ചാണ് തമിഴ് ജനത ഇന്ന് പൂപൊങ്കൽ ആഘോഷിക്കുന്നത്. ഗ്രാമത്തിലെ പുഴക്കരകളിൽ ഒത്തുകൂടി പ്രതേകം തയ്യാറാക്കിയ പലഹാരങ്ങൾ പങ്കുവയ്ച്ചു കഴിക്കും. ചിലയിടങ്ങളിൽ

മണ്ണുകൊണ്ട് ദേവ വിഗ്രഹങ്ങൾ ഉണ്ടാക്കി ജലശയങ്ങളിൽ ഒഴുക്കുന്ന ചടങ്ങുമുണ്ട്. ചിലമ്പാട്ടം, കുമ്മിയടി പോലുള്ള കലാ പരിപാടികളും ആസ്വദിച്ചാണ് പൊങ്കൽ ഉത്സവത്തിന് സമാപനം കുറിക്കുന്നത്.

✪✪✪

പീഡനക്കേസിൽ റിമാൻഡിലായ രാഹുൽ മാങ്കൂട്ടത്തിൽ MLAയുടെ ജാമ്യ ഹർജി തിരുവല്ല ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി തള്ളി. ഇന്നലെ നടന്ന വാദത്തിനു ശേഷമാണ് ജാമ്യ ഹർജിയിൽ അൽപ്പസമയം മുമ്പ് വിധി പറഞ്ഞത്.

✪✪✪

അണ്ടർ-19 ഏകദിന ലോകകപ്പ് ക്രിക്കറ്റ് രണ്ടാം മത്സരത്തിൽ അല്പ സമയത്തിനകം ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. സിംബാബ്‌വയിൽ ആണ് മത്സരം.

വ്യാഴാഴ്ച്ച ആദ്യ മത്സരത്തിൽ അമേരിക്കയെ ആറ് വിക്കറ്റിന് കീഴടക്കിയ ഇന്ത്യയ്ക്ക് ഇന്നും ജയിക്കാനായാൽ സൂപ്പർ സിക്സിൽ സ്ഥാനം ഉറപ്പിക്കാം.

✪✪✪

മുംബൈയിൽ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. UP വാരിയേഴ്സ് മുംബൈ ഇന്ത്യൻസിനെ ഉച്ചകഴിഞ്ഞ് മൂന്നിന് നേരിടും. രണ്ടാം മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ്, റോയൽ ചാലഞ്ചേഴ്സ് ബംഗലൂരുവുമായും ഏറ്റുമുട്ടും. നവി മുംബൈയിലെ DY പാട്ടീൽ സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

✪✪✪

വിജയ് ഹസാരെ ഏകദിന ക്രിക്കറ്റ് ടൂർണമെന്റ് ഫൈനലിൽ വിദർഭ നാളെ സൗരാഷ്ട്രയെ നേരിടും. സെമിയിൽ കർണാടകയെ തോൽപിച്ചാണ് വിദർഭ ഫൈനലിൽ കടന്നത്.

✪✪✪

തപസ്യ കലാസാഹിത്യവേദിയുടെ സുവർണജൂബിലി ആഘോഷത്തിന്റെ ഭാഗമായി പാലക്കാട് സംഘടിപ്പിക്കുന്ന രാജ്യാന്തര സംഗീതോത്സവം ഇന്ന് വൈകീട്ട് കേന്ദ്രമന്ത്രി ഗജേന്ദ്രസിങ് ഷെഖാവത്ത് ഉദ്ഘാടനം ചെയ്യും. പാലക്കാട് വടക്കന്തറ അശ്വതി കല്യാണമണ്ഡപത്തിൽ 20 വരെയാണ് സംഗീതോത്സവം.

✪✪✪

കുറ്റിപ്പുറം ദേശീയപാതയിൽ കുറ്റിപ്പുറം താലൂക്ക് ആശുപത്രിക്ക് സമീപം വാഹനാപകടത്തിൽ സ്കൂട്ടർ യാത്രക്കാരിയായ വിദ്യാർത്ഥിനി മരിച്ചു. നിലമ്പൂർ സ്വദേശിനി റിഫ ആണ് മരിച്ചത്. രാവിലെയായിരുന്നു സംഭവം.

✪✪✪

ആസിഡ് ആക്രമണത്തെ തുടർന്ന് പൊള്ളലേറ്റ 14 കാരിയെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പുൽപ്പള്ളി മരകാവ് പ്രിയദർശി  ഉന്നതിയിലെ മണികണ്ഠന്റെ മകൾക്കാണ് പൊള്ളലേറ്റത്. സംഭവത്തിൽ അയൽവാസി രാജു ജോസിനെ അറസ്റ്റ് ചെയ്തു.

✪✪✪

സംസ്ഥാന ക്ഷീര പുരസ്കാരങ്ങൾ മന്ത്രി ജെ ചിഞ്ചുറാണി പ്രഖ്യാപിച്ചു. ക്ഷീര സഹകാരി അവാർഡിന് ഇടുക്കി സ്വദേശി കെ ബി ഷൈൻ അർഹനായി. ഒരു ലക്ഷം രൂപയാണ് പുരസ്കാരത്തുക. മികച്ച ശ്രവ്യ മാധ്യമ ഫീച്ചർ പുരസ്കാരം കോഴിക്കോട് ആകാശവാണിക്ക് ലഭിച്ചു.

✪✪✪

കാലിക്കറ്റ് സർവകലാശാലയുടെ നേട്ടങ്ങളും പദ്ധതികളും ജനങ്ങൾക്ക് തുറന്നുകൊടുക്കുന്ന ശാസ്ത്രയാൻ ഓപ്പൺ ഹൗസ് ഈ മാസം 29ന് തുടങ്ങും. സർവകലാശാലാ സമൂഹം ജനങ്ങളിലേക്ക് എന്ന സന്ദേശവുമായി സംഘടിപ്പിക്കുന്ന പരിപാടിയിൽ സ്കൂൾ, കോളജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പങ്കാളികളാകാം. സർവകലാശാല പഠന വകുപ്പുകൾക്ക് പുറമെ ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെ സ്റ്റാളുകളുമുണ്ടാകും. ഈമാസം 29, 30, 31 തിയതികളിൽ  രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ച് വരെയാണ് പ്രദർശനം. പ്രവേശനം സൗജന്യമാണ്.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*NRTs:  സിയാബ്, രജ്ന കെ, മണികണ്ഠൻ*
*DEO :  സി കെ സുബോധ്*